ഗവൺമെന്റിന്റെ സമീപനമാണ് കുഴപ്പങ്ങൾക്ക് കാരണം. അവിടെ പോലീസ് അധികാരികൾ പക്ഷപാതപരമായി പ്രവർത്തിക്കുന്നു. പോലീസുകാർ പറയുന്നത് അവിടെ കുറ്റവാളികളെ പിടിക്കണമെങ്കിൽ മുകളിൽനിന്നുള്ള സമ്മർദ്ദങ്ങളും ഇടപെടലുകളും ഒഴിവാക്കണമെന്നാണ്. ഈ ഇടപെടലുകൾ ഒഴിവാക്കാമെന്ന് മുഖ്യമന്ത്രി പറഞ്ഞില്ല. സമാധാനയോഗം ബഹുമാന്യനായ മുഖ്യമന്ത്രി വിളിച്ചു. ആ യോഗത്തിന്റെ തലേ ദിവസമാണ് രണ്ടു പ്രതികളെ പോലീസിൽ ഹാജരാക്കിയത്. യഥാർത്ഥ കുറ്റവാളികൾ ഇന്നും വെളിയിൽ നിൽക്കുന്നു. നബീസ എന്ന, പീഡനത്തിനിരയായ സ്ത്രീപറഞ്ഞ ആളുകളെയെങ്കിലും അറസ്റ്റ് ചെയ്ത് ഇവിടെ നിയമവാഴ്ചയുണ്ടെന്ന് തെളിയിക്കുവാനുള്ള ഉത്തരവാദിത്വംപോലും കാണിക്കാത്ത ഗവൺമെന്റ് സമീപനം കുറ്റവാളികളെ സഹായിക്കുന്ന വിധത്തിലുള്ളതാണ്. കേരളത്തിലെ മനസ്സാക്ഷിയുള്ള മുഴുവൻ ആളുകളേയും ഞെട്ടിക്കുന്ന ഇത്ര ദാരുണമായ സംഭവത്തെക്കുറിച്ച് ചർച്ച ചെയ്യാൻപോലും തയ്യാറാകാത്ത ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ഞാനും ഈ വാക്കൗട്ടിൽ പങ്കുചേരുന്നു.

(ശ്രീ. ജോണിനെല്ലൂർ സഭവിട്ട് പുറത്തുപോയി.)

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : നബീസ എന്ന സ്ത്രീയുമായി ബന്ധപ്പെട്ട കേസിൽ ആരെയും അറസ്റ്റ് ചെയ്തിട്ടില്ല എന്ന് പറയുന്നത് തെറ്റാണ്. ആറു പ്രതികളെ പോലീസ് അറസ്റ്റ് ചെയ്തിട്ടുണ്ട്. അറസ്റ്റ് ചെയ്തിട്ടില്ല എന്ന ആരോപണം അടിസ്ഥാന രഹിതമാണ്. കേസുകളിൽ പ്രതികളായ 458 പേരെ ഇതിനകം അറസ്റ്റ് ചെയ്തു കഴിഞ്ഞിട്ടുണ്ട്. നാദാപുരത്തുണ്ടായ സംഭവം സംബന്ധിച്ചു വർഗ്ഗീയ ചേരിതിരിവ് ഉണ്ടാക്കി മുതലെടുക്കാൻ ശ്രമിക്കുന്നത് ഖേദകരമാണ്. അവിടെ ഉണ്ടായ രാഷ്ട്രീയ സംഘട്ടനത്തെ വർഗ്ഗീയ ചേരിതിരിവുണ്ടാക്കി വ്യാപിപ്പിക്കുവാൻ ആരും ശ്രമിക്കരുതെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്.

(സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അൽപ്പസമയത്തിനുശേഷം സഭയിൽ വീണ്ടും ഹാജരായി.)

IV ശ്രദ്ധക്ഷണിക്കൽ

(1) മുല്ലപ്പെരിയാർ അണക്കെട്ടിന്റെ ജലനിരപ്പ് ഉയർത്താനുള്ള കേന്ദ്ര വിദഗ്ദ്ധ സമിതിയുടെ ശുപാർശ നടപ്പിലാക്കാതിരിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. എ. കണാരൻ : സർ, കേരളത്തിലെ ജനങ്ങൾക്കാകമാനം ആശങ്കയ്ക്കും ഭയപ്പാടിനും ഇടവരുത്തുന്ന മുല്ലപ്പെരിയാർ പ്രശ്നത്തിലേയ്ക്കാണ് ഞാൻ സഭയുടെയും സർക്കാരിന്റെയും അങ്ങയുടെയും ശ്രദ്ധക്ഷണിക്കുന്നത്. ശക്തമായ രണ്ട് ഭൂചലനങ്ങളെ തുടർന്ന് മുല്ലപ്പെരിയാർ ഡാമിൽ ചോർച്ച ഉണ്ടാകുകയും കൂടുതൽ വിള്ളലുകൾ പ്രത്യക്ഷപ്പെടുകയും ചെയ്തതിനെത്തുടർന്ന് എറണാകുളം, ഇടുക്കി, പത്തനംതിട്ട ജില്ലകളിലേതടക്കമുള്ള ജനങ്ങളാകെ

LIBRARY ARCHIVES Kerala Legislative Assembly

ഭീതിയിലും ഭയപ്പാടിലും കഴിയുകയാണ്. ജലനിരപ്പ് ആറടികൂടി ഉയർത്തി 142 അടിയാക്കണമെന്ന കേന്ദ്ര നിർദ്ദേശം ജനങ്ങളെയാകെ ഭീതിപ്പെടുത്തി കൊണ്ടിരിക്കുകയാണ്. മുല്ലപ്പെരിയാർ ഡാമിലെ ജലനിരപ്പ് കൃത്യമായി കണക്കാക്കാൻ കഴിഞ്ഞ ദിവസം പെറ്റീഷൻസ് കമ്മിറ്റിയുടെ നിർദ്ദേശാനുസരണം നേവിയുടെ നീന്തൽ വിദഗ്ദ്ധൻ ഡാമിൽ ഇറങ്ങി പരിശോധിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ ഡാമിനടിയിൽ അഞ്ചടിയിലേറെ ചെളിയാണെന്ന് കണ്ടെത്തിയിട്ടുണ്ടെന്ന് പത്രവാർത്തകളിൽ കാണുകയുണ്ടായി. അത് തേക്കടിയിലെ മരങ്ങളുടെ ഇലയും മറ്റും വീണ് ചീഞ്ഞഴുകിയതുകൊണ്ടാണെന്നും അദ്ദേഹം പ്രസ്താവിച്ചു. ഡാമിന് എന്തെങ്കിലും സംഭവിച്ചുകഴിഞ്ഞാൽ വണ്ടിപ്പെരിയാർ, വള്ളിക്കാവ്, ചപ്പാത്ത് തുടങ്ങിയ പ്രദേശങ്ങൾ ചെളിയിൽ മുങ്ങിപ്പോകും; അരലക്ഷത്തോളം ജനങ്ങളുടെ ജീവൻ തകരാറിലാകും; ആയിരക്കണക്കിന് വീടുകൾ തകരും. അവിടത്തെ നാട്ടുകാരിൽ പകുതിയോളം പേരും തമിഴ്നാട്ടുകാരാണെന്നാണ് പത്രവാർത്തകളിൽ നിന്നും മനസ്സിലാകുന്നത്. മുല്ലപ്പെരിയാർ ഡാമിന്റെ ഈ ഗുരുതരമായ പ്രശ്നം ഭീതിജനകമാണ്. ഇക്കാര്യത്തിൽ അടിയന്തിരശ്രദ്ധ പതിഞ്ഞ് നടപടികൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്. 1856-ൽ മദ്രാസ് ഗവൺമെന്റും തിരുവിതാംകൂർ ഗവൺമെന്റും തമ്മിൽ ഉണ്ടാക്കിയ കരാറിന്റെ അടിസ്ഥാനത്തിൽ ഡാമിന്റെ പണി നടത്തിയിരുന്നത് പെരിയാറിന്റെ ഏറ്റവും താഴ്ന്ന സ്ഥലത്താണ്. 155 അടി ഉയരത്തിലാണ് ഡാം നിർമ്മിച്ചിരിക്കുന്നത്. മദ്രാസ്ഗവൺമെന്റിന്റെ കീഴിലുള്ള മധുര ജില്ലയിലെ ജലസേചനത്തിനും കൃഷി ആവശ്യത്തിനുമായിട്ടാണ് കരാറുണ്ടാക്കിയത്. ഇതിന്റെ ഫലമായി 13800 ഏക്കർ കൃഷി സ്ഥലത്ത് തമിഴ്നാടിന് ജലസേചന സൗകര്യം കിട്ടുന്നുണ്ട്. ജലനിരപ്പ് എത്ര ഉയർത്തിയാലും എത്ര താഴ്ത്തിയാലും ഒരേ അളവിൽ തുരങ്കത്തിലൂടെ വെള്ളം തമിഴ്നാട്ടിലേക്ക് ഒഴുകുന്നതാണ്. 10.15 സ്ക്വയർ മൈൽ തടാകവും 2.50 സ്ക്വയർ മൈൽ ആയക്കെട്ടും ഉൾപ്പെടെ 155 അടി ഉയരം വരെ വെള്ളം സംഭരിച്ച് നിർത്താനാണ് കരാർ വ്യവസ്ഥയിലുള്ളത്. ഈ സ്ഥലമെല്ലാം കേരളത്തിന്റേതാണ്. 8000 കോടി ക്യൂബിക് അടി വെള്ളമാണ് തമിഴ്നാടിന് ലഭിക്കുന്നത്. കൂടാതെ ഒരു സീസണിൽ 118 കോടി രൂപയുടെ വൈദ്യുതി ഉല്പാദിപ്പിക്കാനുള്ള വെള്ളവും തമിഴ്നാടിന് ലഭിക്കുന്നുണ്ട്. എന്നാൽ കരാറിലെ വ്യവസ്ഥപ്രകാരമുള്ള യാതൊരു ആനുകൂല്യവും കേരളത്തിന് ലഭിക്കുന്നില്ല. ബ്രിട്ടീഷ് ഗവൺമെന്റ് ഉണ്ടാക്കിയ എല്ലാ കരാറുകളും ജനവിരുദ്ധ ഉത്തരവുകളും റദ്ദു ചെയ്യണമെന്ന് ഇന്ത്യ സ്വതന്ത്ര്യമായതോടെ പ്രഖ്യാപിച്ചതാണ്. ആ പ്രഖ്യാപനം എന്തുകൊണ്ടാണ് സർ മുല്ലപ്പെരിയാറിന്റെ കാര്യത്തിൽ നടപ്പിൽ വരുത്താത്തത് ? 115 വർഷം പഴക്കമുള്ള കരാർ നിലനിൽക്കുന്നു എന്നത് അപമാനകരമാണ്. ഇതു സംബന്ധിച്ച് പരസ്പരം കൂടിയാലോചിച്ച് ആവശ്യമായ തീരുമാനമെടുക്കേണ്ടത് ഏറ്റവും അടിയന്തിര പ്രാധാന്യമുള്ളതാണ്. ഇക്കാര്യത്തിൽ കേരളാ ഗവൺമെന്റ് ഇനിയെങ്കിലും മുൻകൈയെടുക്കണം. ഇന്നത്തെ പ്രശ്നം ഗുരുതരമാണ്; ഭയപ്പെടുത്തുന്നതാണ്. ഡാമിന്റെ കാലാവധി പ്രഖ്യാപിച്ചത് 50 വർഷം എന്നാണ്. മണൽ, കുമ്മായം, കരിമ്പിൻ നീര്, മുട്ടയുടെ വെള്ള എന്നിവ ചേർത്ത മിശ്രിതം ഉപയോഗിച്ചാണ് ഡാം പണിതത്. ഒരു തുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

കമ്പിയോ ഒരു പിടി സിമന്റോ ഇതിന്റെ നിർമ്മാണത്തിന് ഉപയോഗിച്ചിട്ടില്ല. കരിങ്കല്ലുകൊണ്ടാണ് ഡാം നിർമ്മിച്ചിരിക്കുന്നത്. ഈ ഡാം ഇപ്പോഴും തകരാതെ നിലനിൽക്കുന്നത് നമ്മുടെയൊക്കെ മഹാഭാഗ്യംകൊണ്ടാണ് ; ഇത് അത്ഭുതകരവുമാണ്. ഭൂകമ്പവും മറ്റു പ്രകൃതിക്ഷോഭങ്ങളും നടന്നുകൊണ്ടിരിക്കുന്ന ഈ സാഹചര്യത്തിൽ ഇത്തരത്തിൽ ദുർബലമായ ഒരു അണക്കെട്ടിന്റെ ജലനിരപ്പ് ഉയർത്തുന്ന കാര്യത്തിൽ കേന്ദ്ര ഗവൺമെന്റ് നിർബന്ധം പിടിക്കുകയാണ്. കേന്ദ്ര സർക്കാർ നിയോഗിച്ച വിദഗ്ദ്ധ സമിതി തമിഴ്നാട്ടിലെ ഡി.എം.കെ. ഗവൺമെന്റിനു വേണ്ടി കേരളീയരെ ഒന്നടങ്കം കശാപ്പു ചെയ്യുന്ന നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്. 115 വർഷം പഴക്കമുള്ള കരാറിന്റെ പേരിൽ കേന്ദ്ര ഗവൺമെന്റ് ധാർഷ്ട്യം കാട്ടിക്കൊണ്ടിരിക്കുകയാണ്. കേരളത്തിന് ലഭിക്കേണ്ട ഗുണമെല്ലാം എല്ലാക്കാലത്തും തമിഴ്നാടിനാണ് ലഭിക്കുന്നത് ; ദോഷമെല്ലാം കേരളത്തിനുണ്ടാകുന്നു. ഇന്ത്യ സ്വതന്ത്രയായപ്പോൾ ബ്രിട്ടീഷുകാരോ നാട്ടുരാജാക്കന്മാരോ ഉണ്ടാക്കിയ എല്ലാ ജനവിരുദ്ധ കരാറുകളും റദ്ദു ചെയ്യാൻ തീരുമാനം ഉണ്ടായി. പക്ഷേ ഇന്ത്യാ മഹാരാജ്യത്തിലെ ഒരു കൊച്ചു സംസ്ഥാനമായ കേരളത്തിന് ദോഷകരമായ ഈ കരാർ ഇന്നും അങ്ങനെ തന്നെ നിലനിൽക്കുന്നു. വേനൽക്കാലത്തുപോലും മുല്ലപ്പെരിയാർ ഡാമിലെ ജലനിരപ്പ് 102 അടിയിൽ താഴ്ന്നിട്ടില്ല. ഇത്രയും ഭാഗത്ത് 780 കോടി ക്യൂബിക് അടി വെള്ളം ഉൾക്കൊള്ളുമെന്നാണ് കണക്ക്. നാളിതുവരെയായി ഡാമിന്റെ ഉൾഭാഗത്ത് യാതൊരുവിധ അറ്റകുറ്റപ്പണിയും നടത്തിയിട്ടില്ല. വിദഗ്ദ്ധ സമിതികളിലെ അംഗങ്ങളായ എം.പി. മാരും കൂറേ ഉദ്യോഗസ്ഥന്മാരും ഡാമിന്റെ ചുമരുകളിൽ ചവിട്ടിനോക്കി ഡാമിന് തകരാർ ഇല്ലെന്നാണ് പറയുന്നത് ; ജലനിരപ്പ് വർദ്ധിപ്പിക്കണമെന്നാണ് തമിഴ്നാട് പറഞ്ഞുകൊണ്ടിരിക്കുന്നത്. ഇപ്പോൾ ഡാമിന്റെ ജലനിരപ്പ് പരമാവധി 136 അടിയിൽ നിയന്ത്രിച്ചു നിറുത്തിയിരിക്കുകയാണ്. അണക്കെട്ടിന് ബലക്ഷയം നേരിടുന്നതുകൊണ്ട് ഇത്തരത്തിൽ നിയന്ത്രണം ഏർപ്പെടുത്തുന്നതിനുപകരം കേന്ദ്ര സർക്കാരിന്റെ വിദഗ്ദ്ധ സമിതി 142 അടിയായി ജലനിരപ്പ് ഉയർത്തുവാനാണ് ശുപാർശ ചെയ്തിരിക്കുന്നത്. മുൻപ് കേന്ദ്ര വാട്ടർ കമ്മീഷൻ ചെയർമാന്റെ നേതൃത്വത്തിലുള്ള വിദഗ്ദ്ധ സമിതി ഡാമിന്റെ ജലനിരപ്പ് 136 അടിയിൽനിന്ന് ഉയർത്തുവാൻ പാടില്ല എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആ തീരുമാനമെല്ലാം കാറ്റിൽ പറത്തിയിരിക്കുന്നു. വേറൊരുപ്രശ്നം 1956-ലെ പെരിയാർ പാട്ടക്കരാറാണ്. പാട്ടക്കരാറിലെ തർക്കങ്ങളും വഴക്കുകളും ആർബിട്രേഷൻ മുഖേന പരിഹരിക്കണമെന്നാണ് തീരുമാനം. ആ തീരുമാനം ഇതുവരെ നടപ്പിൽ വരുത്തിയിട്ടില്ല. 1979 വരെ മുല്ലപ്പെരിയാർ ഡാമിന്റെ ജലനിരപ്പ് 152 അടിയായിരുന്നു. അന്ന് കേന്ദ്ര വാട്ടർ കമ്മീഷന്റെ ചെയർമാന്റെ ശുപാർശ അനുസരിച്ചാണ് 136 അടിയാക്കി ജലനിരപ്പ് താഴ്ത്തിയത്. ജലനിരപ്പ് 102 അടിയാക്കി താഴ്ത്തിയാൽപ്പോലും തമിഴ്നാടിന് ഇന്ന് ലഭിക്കുന്ന ജലം ലഭിക്കുന്നതാണ്. കേന്ദ്ര ഗവൺമെന്റിലെ തങ്ങളുടെ സ്വാധീനം ഉപയോഗിച്ച് ഒരു ജനതയെ ആകെ ആശങ്കയിലും ഭീതിയിലും ആഴ്ത്തുവാനുള്ള തമിഴ്നാട്ടിന്റെ നടപടികൾ തടയാൻ നമുക്ക് കഴിയണം. 1886-ൽ നിർമ്മിച്ച അണക്കെട്ടിന് സുരക്ഷിതത്വം ഇല്ലെന്ന് 1964-ലും 1979-ലും വിദഗ്ദ്ധസമിതികൾ വിലയിരുത്തുകയുണ്ടായി. 1964-ൽ അണക്കെട്ടിൽ ചോർച്ച കണ്ടുപിടിക്കുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

ഇപ്പോൾ നിരന്തരമായി ഭൂകമ്പം ഉണ്ടായിക്കൊണ്ടിരിക്കുന്ന പശ്ചാത്തലത്തിൽ, കേരളത്തിലെ മുഴുവൻ ജനങ്ങളേയും ഈ ഡാം ഭീതിയിലാഴ്ത്തിയിരിക്കുന്ന അവസരത്തിൽ, മുല്ലപ്പെരിയാറിലെ ജലനിരപ്പ് 102 അടിയായി കുറയ്ക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. അതിലേക്ക് ഒറ്റക്കെട്ടായി നാം ശ്രമിക്കണം എന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്. ഗവൺമെന്റിന്റെ അടിയന്തിര ശ്രദ്ധ ഇക്കാര്യത്തിൽ ഉണ്ടാകണം. ഇക്കാര്യത്തിലുള്ള ഈ നിയമസഭയുടെ അഭിപ്രായം തമിഴ്നാട് സർക്കാരിനെ അറിയിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ ശ്രീ. കെ. പി. രാജേന്ദ്രൻ]

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ : സ്പീക്കർ സർ, മുല്ലപ്പെരിയാർ ഡാമിലെ ജലവിതാനം ഇപ്പോഴുള്ള 136 അടിയിൽനിന്ന് ഉയർത്തണമെന്ന ആവശ്യം തമിഴ്നാട് സർക്കാർ വളരെനാളായി ഉന്നയിച്ചു വരികയായിരുന്നു. 1979-ൽ ഡാമിന്റെ ബലപ്പെടുത്തൽ ജോലികളുടെ ഭാഗമായാണ് ജലവിതാനം 136 അടിയാക്കി നിലനിർത്തിയത്. ബലപ്പെടുത്തൽ ജോലികൾ പൂർത്തീകരിച്ച തോടെയാണ് തമിഴ്നാടിന്റെ ആവശ്യം ശക്തിപ്പെട്ടത്. എന്നാൽ കേരളത്തിന്റെ ശക്തമായ എതിർപ്പുമൂലം ഈ 136 അടി എന്നതിൽ വ്യതിയാനം വരുത്തുന്നതിന് ഇതേവരെ തമിഴ്നാടിന് സാധിച്ചിട്ടില്ല. കേരളത്തിലും തമിഴ്നാട്ടിലുമുള്ള ഹൈക്കോടതികളിൽ മുല്ലപ്പെരിയാർ ഡാം സംബന്ധിച്ച് നിലവിലുള്ള കേസുകൾ സുപ്രീം കോടിതിയിലേക്ക് മാറ്റണമെന്നാവശ്യപ്പെട്ടുകൊണ്ട് തമിഴ്നാട് സർക്കാരും ഡോ. സുബ്രഹ്മണ്യം സ്വാമിയും ട്രാൻസ്ഫർ പെറ്റീഷനുകൾ ഫയൽ ചെയ്തതുമൂലമാണ് ഇക്കാര്യം സുപ്രീം കോടതിയുടെ പരിഗണനയ്ക്ക് വന്നത്. 13-8-1998-ൽ തിരുവനന്തപുരത്ത് നടന്ന മന്ത്രിതല അന്തർ-സംസ്ഥാന ചർച്ചയിലെടുത്ത തീരുമാനപ്രകാരം ഇരു സംസ്ഥാനങ്ങളും വെവ്വേറെ സാങ്കേതിക കമ്മിറ്റികൾ രൂപീകരിച്ച് മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷ പഠിച്ച് റിപ്പോർട്ടുകൾ പരസ്പരം കൈമാറാനിരിക്കുന്ന വേളയിലാണ് ഇരു സംസ്ഥാനങ്ങളും പരസ്പരം ചർച്ചയിലൂടെ ഒരു ധാരണയിലെത്തണമെന്ന് സുപ്രീം കോടതി നിർദ്ദേശിച്ചത്.

5-4-2000-ൽ കേരളം മുൻകൈയെടുത്ത് വിളിച്ചുചേർത്ത മുഖ്യമന്ത്രിതല ചർച്ചയിൽ നൂറ്റാണ്ട് പഴക്കമുള്ള മുല്ലപ്പെരിയാർ ഡാമിന്റെ ബലം തിട്ടപ്പെടുത്തുന്നതിന് സഹായിക്കുന്ന ഉപകരണങ്ങൾ പ്രവർത്തനക്ഷമമാക്കി റീഡിംഗ് എടുത്ത് ബലപ്പെടുത്തൽ ജോലികൾ നടത്തിയ ശേഷമുള്ള ഡാമിന്റെ പ്രവർത്തനം മതിയായ സമയംവരെ പഠിച്ചശേഷം മാത്രം ഇക്കാര്യത്തിൽ ഒരു തീരുമാനത്തിൽ എത്താമെന്ന കേരളത്തിന്റെ നിർദ്ദേശം തമിഴ്നാട് തള്ളിക്കളഞ്ഞതിനെത്തുടർന്ന് ചർച്ച തീരുമാനമാകാതെ പിരിയുകയായിരുന്നു. തുടർന്നുള്ള കോടതി നിർദ്ദേശപ്രകാരം 19-5-2000-ൽ കേന്ദ്ര ജലവിഭവ മന്ത്രി കേരള, തമിഴ്നാട് മുഖ്യമന്ത്രിമാരെ ചർച്ചയ്ക്കു വിളിച്ചു. ഈ യോഗത്തിലെ ഒരു തീരുമാനമായിരുന്നു ഇപ്പോൾ നിലവിൽ വന്നിട്ടുള്ള കേന്ദ്ര സാങ്കേതിക കമ്മിറ്റി. ഇരു സംസ്ഥാനങ്ങളോടും ആലോചിച്ചശേഷമേ ഈ രണ്ട് സംസ്ഥാനങ്ങളിലേയും, സെൻട്രൽ വാട്ടർ കമ്മീഷനടക്കമുള്ളവയിൽ നിന്നുമുള്ള പ്രഗൽഭ എൻജിനീയർമാരടങ്ങിയ സാങ്കേതിക

LIBRARY ARCHIVES Kerala Legislative Assembly

കമ്മിറ്റിക്ക് രൂപം നൽകു എന്നായിരുന്നു തീരുമാനം. ഈ യോഗതീരുമാനം അറിയിച്ചുകൊണ്ടുള്ള കേന്ദ്ര മന്ത്രിയുടെ കത്തിൽ ഈ ഉറപ്പ് ആവർത്തിച്ചിരുന്നു. എന്നാൽ ഈ ഉറപ്പിന് വിരുദ്ധമായി കേരളത്തോടാലോചിക്കാതെ സാങ്കേതിക കമ്മിറ്റിക്ക് രൂപം നൽകുകയാണ് കേന്ദ്രം ചെയ്തത്. ഈ സാങ്കേതിക കമ്മിറ്റിയുടെ രൂപീകരണം, ഘടന, 19-05-2000-ലെ യോഗനടപടിക്കുറിപ്പിലെ തീരുമാനങ്ങൾ എന്നിവയിൽ കാതലായ മാറ്റങ്ങൾ വരുത്തണമെന്ന് കേരളം ആവശ്യപ്പെട്ടു. എന്നാൽ കേന്ദ്രസർക്കാർ ഇതെല്ലാം അവഗണിക്കുകയാണുണ്ടായത്. കോടതി നിർദ്ദേശത്തെ മാനിച്ച് മാത്രമാണ് പ്രസ്തുത കമ്മിറ്റിയുടെ പ്രവർത്തനങ്ങളിൽ കേരളം സഹകരിച്ചത്. ഇതിന്റെ പ്രവർത്തനത്തിന്റെ ഓരോ ഘട്ടത്തിലും കേരളാ പ്രതിനിധി കേരളത്തിന്റെ സുവ്യക്തമായ അഭിപ്രായങ്ങൾ കമ്മിറ്റിയെ ബോദ്ധ്യപ്പെടുത്തിയിട്ടുണ്ട്. മുല്ലപ്പെരിയാർ ഡാം, ബേബി ഡാം എന്നിവയിൽ നടത്തിയ പരിശോധനകൾ, കേന്ദ്ര സോയിൽ ആന്റ് മെറ്റീരിയൽ റിസർച്ച് സ്റ്റേഷൻ നടത്തിയ ശാസ്ത്രീയ പരീക്ഷണങ്ങൾ എന്നിവയിലെല്ലാം കേരളം അതിന്റെ അഭിപ്രായങ്ങളും പരീക്ഷണങ്ങളുടെ പരിമിതികളും അതിലുള്ള ആശങ്കകളും അപ്പോഴപ്പോൾ കമ്മിറ്റിയെ ബോദ്ധ്യപ്പെടുത്തിയിരുന്നു. എന്നാൽ കേന്ദ്ര സാങ്കേതിക കമ്മിറ്റിയുടെ പല നിഗമനങ്ങളും നിഷ്പക്ഷമല്ല എന്ന് വ്യക്തമായതോടെ പല തീരുമാനങ്ങളേയും എതിർക്കുകയും വിയോജനകുറിപ്പ് നൽകുകയും പല രേഖകളിലും ഒപ്പുവയ്ക്കാൻ വിസമ്മതിക്കുകയുമായിരുന്നു കേരളം ചെയ്തത്. 2000 നവബർ 3, 4, തീയതികളിൽ വിദഗ്ദ്ധ സമിതി അതിന്റെ ഇടക്കാല റിപ്പോർട്ടിന് രൂപം നൽകി. അതിലെ പ്രധാന നിഗമനങ്ങളിൽ രണ്ടെണ്ണം ഇനി പറയുന്നവയാണ് ;

1. ബേബി ഡാമും മൺ ബണ്ടും ശക്തിപ്പെടുത്താൻ കേരളം അനുവദിക്കണം.
2. ജലനിരപ്പു 136 അടിയിൽ നിന്ന് ഉയർത്തുന്ന കാര്യം ബേബി ഡാമിന്റെ ബലം പരിശോധിച്ചശേഷം തീരുമാനിക്കണം.

ഇവ കേരളത്തിന് സ്വീകാര്യമല്ല. കാരണം 136 അടിയിൽ ജലവിതാനം നിലനിർത്തിയ അവസ്ഥയിൽ ബേബി ഡാമിന്റെ ശക്തിപ്പെടുത്തൽ നടത്തേണ്ട ആവശ്യമില്ലെന്നാണ് കേരളത്തിന്റെ പരിശോധനാ നിഗമനം. കൂടാതെ 136 അടിയിൽനിന്നും ജലവിതാനം ഉയർത്തുന്നതിലെ പ്രശ്നങ്ങളും വിശദമായി കേരളം ഉന്നയിച്ചിട്ടുള്ളതാണ്. ഇതിന്റെ വിവിധ വശങ്ങൾ വ്യക്തമാക്കിക്കൊണ്ട് കേരളം ഇതിനകം മൂന്ന് സത്യവാങ്മൂലം കോടതിയിൽ സമർപ്പിച്ചു. മേൽപ്പറഞ്ഞ ഇടക്കാല റിപ്പോർട്ടിന്മേലുള്ള കേരളത്തിന്റെ അഭിപ്രായവും കോടതിയെ തക്കസമയത്ത് ബോദ്ധ്യപ്പെടുത്തുന്നുണ്ട്. അതിൽ ഭൂചലനം മൂലമുണ്ടായ പ്രശ്നങ്ങളടക്കമുള്ള കാര്യങ്ങൾ വ്യക്തമാക്കുന്നതാണ്. ഈ മാസം 9,10 തീയതികളിൽ ചേർന്ന സാങ്കേതിക കമ്മിറ്റി യോഗത്തിലാണ് മുല്ലപ്പെരിയാർ ജലവിതാനം 136 അടിയിൽനിന്ന് 142 അടിയായി ഉയർത്താൻ ശുപാർശ ചെയ്തിട്ടുള്ളത്. കേരളത്തിന്റെ അഭിപ്രായങ്ങളും, വിയോജിപ്പുകളും കാണിച്ച് വിശദമായ കുറിപ്പ് കമ്മിറ്റിക്ക് നൽകുകയും യോഗ നടപടിക്കുറിപ്പിൽ ഒപ്പുവയ്ക്കാൻ വിസമ്മതിക്കുകയുമാണ് ചെയ്തത്. ഈ റിപ്പോർട്ട് കേന്ദ്രം സുപ്രീംകോടതിയിൽ സമർപ്പിക്കുമ്പോൾ വിശദമായ സത്യവാങ്മൂലം

LIBRARY ARCHIVES Kerala Legislative Assembly

സമർപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിൽ കേരളത്തിലുണ്ടായ ഭൂചലനവും അതുമൂലം ഡാമിനുണ്ടായ പരിക്കുകളോ ഉണ്ടായേക്കാവുന്ന ഭീഷണിയോ മറ്റു പ്രശ്നങ്ങളോ സംബന്ധിച്ച് പഠിക്കാൻ സർക്കാർ നിയോഗിച്ച സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസിന്റെ ശാസ്ത്രജ്ഞ സംഘം നടത്തിവരുന്ന ശാസ്ത്രീയ പഠനത്തിൽ വെളിവാകുന്ന വസ്തുതകൾ കൂടി ഉൾപ്പെടുത്തി കേന്ദ്ര സാങ്കേതിക കമ്മിറ്റിയുടെ നിഷ്പക്ഷമല്ലാത്ത റിപ്പോർട്ടുകളെ തള്ളിക്കളയണമെന്ന് കാണിച്ച് വിശദമായ സത്യവാങ്മൂലം സമർപ്പിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു.

ശ്രീ. എ. കണാരൻ : ശ്രീ. പി. സി. ജോർജ്ജ് എം.എൽ.എ. ചെയർമാനായിട്ടുള്ള നിയമസഭയുടെ പെറ്റീഷൻസ് കമ്മിറ്റി ഡാം സന്ദർശിക്കുകയും 102 അടിയായി ജലനിരപ്പ് താഴ്ത്തണമെന്ന് ശുപാർശ ചെയ്യുകയും ആ അണക്കെട്ടിന്റെ തകർച്ച ഉണ്ടായാൽ സംഭവിക്കാവുന്ന ഭീകരമായ നാശനഷ്ടങ്ങൾ കണക്കാക്കി 30,000 കോടി രൂപയ്ക്ക് അണക്കെട്ട് ഇൻഷ്വർ ചെയ്യണമെന്നും അതിന്റെ പ്രീമിയം തുക തമിഴ്നാട് ഗവൺമെന്റ് അടയ്ക്കണമെന്നും ശുപാർശ ചെയ്തിട്ടുണ്ട്. ആ ശുപാർശയുടെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടി ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ടോ ?

ശ്രീ. ഇ. കെ. നായനാർ : അതൊന്നും സ്വീകരിച്ചിട്ടില്ല. ഇപ്പോൾ 136 അടിയിൽ തന്നെ നിൽക്കുകയാണ്.

മി. ചെയർമാൻ (ശ്രീ. കെ. പി. രാജേന്ദ്രൻ) : അടുത്തതായി ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കുന്നതിന് ശ്രീ. ഇ. എം. അഗസ്തിയെ ക്ഷണിക്കുന്നു.

(2) സ്വകാര്യമേഖലയിൽ കൂടുതൽ എൻജിനീയറിംഗ്/ മെഡിക്കൽ കോളേജുകൾ ആരംഭിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. ഇ. എം. അഗസ്തി : സർ, നമ്മുടെ സംസ്ഥാനത്ത് സ്വകാര്യ മേഖലയിൽ സ്വാശ്രയ എൻജിനീയറിംഗ് കോളേജുകളും മെഡിക്കൽ കോളേജുകളും തുടങ്ങേണ്ടതിന്റെ ആവശ്യകതയിലേയ്ക്കാണ് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടേയും സഭയുടേയും ശ്രദ്ധക്ഷണിക്കുന്നത്. ഞാൻ ഈ വിഷയത്തെ മുൻനിർത്തി 21-7-1999-ൽ ഈ സഭയിൽ ഒരു ശ്രദ്ധക്ഷണിക്കൽ പ്രമേയം കൊണ്ടുവരികയും ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുകയും ചെയ്തിരുന്നു. അന്ന് മന്ത്രി പറഞ്ഞ മറുപടി ഗവൺമെന്റ് ഈ കാര്യത്തിൽ നയപരമായ ഒരു തീരുമാനമെടുത്തിട്ടില്ല. എത്രയും വേഗം തീരുമാനമെടുക്കുമെന്നാണ്. വർഷം രണ്ടു കഴിഞ്ഞു. ഗവൺമെന്റ് ഇപ്പോൾ നയപരമായ തീരുമാനമെടുത്തിട്ടുണ്ടോ യെന്ന് ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്. എന്നുമാത്രമല്ല, കഴിഞ്ഞ ദിവസം കേരളാ ഗവൺമെന്റിനുവേണ്ടി ഗവർണ്ണർ ഈ സഭയിൽ നടത്തിയ നയപ്രഖ്യാപന പ്രസംഗത്തിൽ സ്വകാര്യമേഖലയിൽ സ്വാശ്രയ എൻജിനീയറിംഗ് കോളേജുകളോ, മെഡിക്കൽ കോളേജുകളോ തുടങ്ങുന്നതായുള്ള യാതൊരു പരാമർശവും ഇല്ല. ഗവർണ്ണർ തന്നെ പറയുന്നത് സഹകരണ മേഖലയിലും ഐ.എച്ച്.ആർ.ഡി. യുടെ കീഴിലും എൽ.ബി.എസ്.ന്റെ കീഴിലും എൻജിനീയറിംഗ് കോളേജുകൾ തുടങ്ങുമെന്നാണ്. ഞാൻ അതിന്റെ

LIBRARY ARCHIVES Kerala Legislative Assembly